**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3947** **09-10-2025 - ൽ മറുപടിയ്ക്ക്**

**മൊബൈൽ വെറ്ററിനറി യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ ഏതെല്ലാം ബ്ലോക്ക് പഞ്ചായത്തുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | **എറണാകുളം ജില്ലയിലെ മുളന്തുരുത്തി, കോതമംഗലം, പറവൂർ, മൂവാറ്റുപ്പുഴ, ഇടപ്പള്ളി, വാഴക്കുളം എന്നി ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.** |
| (ബി) | കോതമംഗലം ബ്ലോക്ക് പഞ്ചായത്തിൽ മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ സേവനം ഉറപ്പുവരുത്തുമോ; വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് നിലവിൽ എറണാകുളം, ജില്ലയിലെ കോതമംഗലം ബ്ലോക്കിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത യൂണിറ്റുകൾ വഴി എന്തെല്ലാം സേവനങ്ങളാണ് ക്ഷീര കർഷകർക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ലൈവ്സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ പ്രോഗ്രാം എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെയും, റീബിൾഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെയും ഭാഗമായി മൃഗസംരക്ഷണ വകുപ്പ് മുഖേന നിലവിൽ 76 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ 76 ബ്ലോക്കുകളിലായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി പ്രവർത്തിച്ച് വരുന്നു. മൃഗസംരക്ഷണ മേഖലയിലെ ക്ഷീരകർഷകർക്കായി രാത്രികാലങ്ങളിൽ അടിയന്തിര മൃഗചികിൽസാ സേവനം കർഷകരുടെ വീട്ടുപടിക്കൽ എത്തി നൽകുക എന്നതാണ് മൊബൈൽ വെറ്ററിനറി .യൂണിറ്റുകളുടെ ലക്ഷ്യം. ആയതിലേക്ക് 24 മണിക്കൂർ പ്രവർത്തിക്കുന്ന 1962 എന്ന ടോൾഫ്രീ നമ്പരിലേക്ക് കാൾ സെന്റർ മുഖാന്തിരം കർഷകർ വിളിച്ച് ആവശ്യപ്പെടുന്ന മുറയ്ക്ക് മൃഗ ചികിൽസാ സേവനം കർഷകരുടെ വീട്ടുപടിക്കൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ വഴി എത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ